# ജയകരമായ ജിവിതം

സാക് പുന്നൻ

WFTW 21 ജൂലൈ 2013

600000 യിസ്രായേല്യരാണ് ഈജിപ്തിൽ നിന്നും പുറത്ത് വന്നത് . എന്നാൽ രണ്ടുപേർ ; യോശുവയും കാലേബും മാത്രമാണ് കനാനിൽ പ്രവേശിച്ചത് . ക്രിസ്ത്യാനികളിൽ ജയകരമായ ജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്നവരുടെ എണ്ണവും ഏതാണ്ട് ഇതേ അനുപാതത്തിലാണ് ( 600000 ത്തിൽ 2 പേർ ). 'ദൈവം ഈ ദേശം പിടിച്ചെടുക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ ഞങ്ങൾക്ക് അത് സാധിക്കും'. ഈ മനോഭാവം ഉണ്ടായിരുന്നതുകൊണ്ടാണ് യോശുവയും കാലേബും വാഗ്ദത്ത നാട്ടിൽ പ്രവേശിച്ചത് . ഇതാണ് വിശ്വാസം . ദൈവവാഗ്ദത്തങ്ങളോട് ചേർന്ന് മാത്രമാണ് വിശ്വാസം കണക്കിലെടുക്കപ്പെടുന്നത്. അല്ലാതെ നമ്മൾ നേരിടുന്ന കഷ്ടനഷ്ടങ്ങളോടു ചേർന്നല്ല .

മറ്റ് യിസ്രായെല്യർ പറഞ്ഞു 'ഇത് അസാദ്ധ്യമാണ്, ആ മല്ലന്മാർ വളരെ ശക്തരാണ് '. ഇന്നും ക്രിസ്ത്യാനികൾ കരുതുന്നത് തങ്ങളെ വർഷങ്ങളായി ഭരിക്കുന്ന കോപത്തേയും കൺമോഹത്തേയും ജയിക്കുക അസാദ്ധ്യമാണെന്നാണ് . അത്തരം വിശ്വാസികൾ തങ്ങളുടെ ജീവിതത്തിൽ എന്നും പരാജയപ്പെട്ടിരിക്കുന്നു. അവർ മരുഭുമിയിൽ നശിച്ചു പോകുന്നു ( ആത്മീയ അർത്ഥത്തിൽ പറയുമ്പോൾ )

സ്വർഗ്ഗത്തിൽ നിന്നും ഒഴുകുന്ന ആത്മാവിന്റെ നദി, ദുഷ്ചിന്തയാലും പിറുപിറുപ്പിനാലും പണസ്നേഹത്താലും മലിനപ്പെട്ടിരിക്കുന്ന ഒരു വഴിയിലൂടെയല്ല നമ്മുടെ ഹൃദയത്തിലേക്ക് ഒഴുകേണ്ടത്. അത് പാപത്തിൽ നിന്നും വിമുക്തമായ ശുദ്ധിയുള്ള ഒരു പാതയായിരിക്കണം. അപ്പോൾ മാത്രമേ സ്വർഗ്ഗത്തിൽ നിന്നും ഒഴുകുന്ന ജീവജലത്താൽ ആ നദി ജനങ്ങൾക്ക് ഒരു അനുഗ്രഹമായി തീരുകയുള്ളു. ക്രിസ്തീയ ഗോളത്തിന്റെ വലിയ ദുരന്തം അതിന്റെ പ്രസംഗകർ അകമേ ശുദ്ധിയുള്ളവർ അല്ല എന്നുള്ളതാണ്. അവർ പാപത്തെ അവരുടെ ഹൃദയത്തിലും സ്വകാര്യ ജീവിതത്തിലും ജയിച്ചിട്ടില്ല. അവർ പണസ്നേഹത്തേയും , കൺമോഹത്തേയും , കോപത്തേയും , മത്സരത്തിന്റെ ആത്മാവിനേയും , അസൂയയേയും, കളവു പറയുന്നതിനേയും , ഭാര്യമാരോട് കയർത്തു സംസാരിക്കുന്നതിനേയും പോലുള്ള പല പാപങ്ങളും ജയിച്ചിട്ടില്ല. എങ്കിലും അവർ ദൈവജനത്തോട് പ്രസംഗിക്കുന്നു. അവർക്ക് എന്താണ് പ്രസംഗിക്കുവാൻ കഴിയുക ? അവർ പ്രവർത്തിക്കുന്നത് മാത്രം ; എങ്ങനെ ഭാര്യമാരോട് കയർത്തു സംസാരിക്കാം , എങ്ങനെ കയ്പുള്ളവരായിരിക്കാം , എങ്ങനെ അസൂയപ്പെടാം , എങ്ങനെ മറ്റുള്ളവരോട് മത്സരിക്കാം എന്നൊക്കെയായിരിക്കും അവർ പ്രസംഗിക്കുക അല്ലാതെ പറയുന്നതെല്ലാം കേവലം കഴമ്പില്ലാത്ത പ്രമാണങ്ങൾ മാത്രമായിരിക്കും. നിങ്ങൾ ഒരു ജയാളിയല്ലെങ്കിൽ പഠനത്തിലൂടെ നേടുന്ന വേദപുസ്തക പരിജ്ഞാനം കൊണ്ട് ഒരു പ്രയോജനവുമില്ല

ദൈവം യോശുവക്ക് ഉറപ്പു നല്കി 'ഞാൻ നിന്നോടു കൂടെയുണ്ടാകും' . അതുകൊണ്ടാണ് ഒരു മനുഷ്യനും യോശുവയുടെ മുൻപിൽ നില്ക്കാൻ കഴിയാതെ പോയത് .ഏതെങ്കിലും ചില വേദപ്രമാണങ്ങൾ അറിഞ്ഞതുകൊണ്ടോ ചില അനുഭവങ്ങൾ ഉള്ളതുകൊണ്ടോ നാം പാപത്തെ ജയിക്കുന്നില്ല. എന്നാൽ നമ്മോടു കൂടെ സ്ഥിരമായുള്ള ആത്മാവിനാൽ അനുഭവിക്കുന്ന ദൈവസാന്നിദ്ധ്യമാണ് അതിനു നമ്മെ പ്രാപ്തരാക്കുന്നത്. അത്തരത്തിൽ ദൈവത്തിനു പിന്തുണക്കുവാനും ചുമതലപ്പെടുത്തുവാനും പറ്റിയ ഹൃദയശുദ്ധിയുള്ള നേതാക്കളെയാണ് ദൈവം ഇന്ന് ക്രിസ്തീയ ഗോളത്തിൽ അന്വേഷിച്ചുകൊണ്ടിരിക്കുന്നത്.

ദൈവം യോശുയോട് പറഞ്ഞു 'ഉറപ്പും ധൈര്യവുമുള്ളവനായിരിക്കുക. ശത്രുക്കൾ ഭരിച്ചിരുന്ന ഈ ദേശം ഈ ജനം അവകാശമാക്കേണ്ടതിന് നീ അവരെ നയിക്കുക' (യോശുവ 1:6 ). ഒരു പാപത്തെക്കുറിച്ചും നാം ഭയപ്പെടരുത്. ജനത്തെ അവരുടെ ശരീരത്തിൽ വർഷങ്ങളായി ഭരിച്ചിരുന്ന പാപങ്ങളെ ജയിക്കുവാൻ നാം പ്രാപ്തരാകണം . അവരെ കേവലം വിശ്വാസത്തിലേക്ക് കൊണ്ടുവരുന്നതുകൊണ്ടോ രണ്ടു സ്നാനങ്ങളിലേക്കു നടത്തിയതുകൊണ്ടോ കാര്യമില്ല കട്ടിളപടിമേൽ രക്തം തളിച്ചതുകൊണ്ടോ, ചെങ്കടൽ കടന്നതുകൊണ്ടോ , മേഘത്താൽ മൂടപ്പെട്ടതുകൊണ്ടോ ഒരു കാര്യവുമില്ല. അതൊരു തുടക്കം മാത്രമാണ്.അത് ബാലപാഠം മാത്രമേ ആകുന്നുള്ളു . ഏറ്റവും ചെറിയ ക്ലാസിൽ ജയിച്ചതുകൊണ്ട് നിങ്ങളുടെ മക്കളുടെ വിദ്യാഭ്യാസം നിങ്ങൾ അവസാനിപ്പിക്കുമോ ? ഇല്ല, എന്നാൽ ക്രിസ്തീയ ഗോളത്തിൽ അതാണ് നടക്കുന്നത്.

മേഘസ്തംഭം പരിശുധാത്മ സ്നാനം അത് അവരെ വാഗ്ദത്ത നാട്ടിലേക്ക് നടത്തേണ്ടതിനായിരുന്നു .രണ്ടു വർഷം കൊണ്ട് അവർ കടക്കേണ്ടതായിരുന്നു .എന്നാൽ 40 വർഷമായിട്ടും അവർക്ക് അതിനു കഴിഞ്ഞില്ല . അവരുടെ നേതാക്കന്മാരുടെ അവിശ്വാസമാണു അതിനു കാരണം. 'വിശ്വാസം കേൾവിയാൽ വരുന്നു'(റോമർ 10 : 7) . വിശ്വാസികളെ ഈ സത്യങ്ങൾ സഭായോഗങ്ങളിൽ പഠിപ്പിക്കുന്നില്ലെങ്കിൽ അവർ എങ്ങനെ വിശ്വസിക്കും ? അവർ എങ്ങനെ പാപത്തെ ജയിക്കും ?

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)